പതിനാറാം കേരള നിയമസഭ

ഒന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 753** **24-06-2026-ൽ മറുപടിയ്ക്ക്**

## <u>ഡാമുകൾ കേന്ദ്രീകരിച്ച് വിനോദ സഞ്ചാര പദ്ധതി</u>

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>**

ശ്രീ. അപു ജോൺ ജോസഫ്

ശ്രീ. ഷിബു തെക്കുംപുറം

ശ്രീ. വിനു ജോബ് കുഴിമണ്ണിൽ

**<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. മോൻസ് ജോസഫ്

(ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി)

**(എ)** സംസ്ഥാനത്ത് ജലവിഭവ വകുപ്പിന് കീഴിലുള്ള ഡാമുകളിൽ വിനോദസഞ്ചാര പദ്ധതികൾ നടപ്പിലാക്കുന്നതിനോ അതിന് അനുമതി നൽകുന്നതിനോ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

**<u>മറുപടി:</u>**

**സംസ്ഥാനത്ത് ജലവിഭവ വകുപ്പിന് കീഴിലുള്ള അണക്കെട്ടുകളും അനുബന്ധ സംവിധാനങ്ങളും കേന്ദ്രീകരിച്ച് ടൂറിസം സാധ്യതകൾ കണക്കിലെടുത്ത്, സർക്കാരിന് യാതൊരുവിധ ചെലവും വരുത്താതെ ട**
**പങ്കാളിത്തത്തിലൂടെ 'ഇറിഗേഷൻ - ടൂറിസം' പദ്ധതി ആവിഷ്ക്കരിക്കാൻ ജലവിഭവ വകുപ്പ് നടപടി സ്വീകരിച്ചിട്ടുണ്ട്. അതിന്റെ ഭാഗമായി ജലവിഭവ വകുപ്പിന് കീഴിലുള്ള പൊതുമേഖല സ്ഥാപനമായ കേ**
**(കെ.ഐ.ഐ.ഡി.സി.) ഇറിഗേഷൻ ടൂറിസം പദ്ധതികൾ പ്രാവർത്തികമാക്കാൻ വേണ്ടിയുള്ള നോഡൽ ഏജൻസിയായി നിയോഗിച്ചിട്ടുണ്ട്. മാത്രമല്ല ഇറിഗേഷൻ - ടൂറിസം പദ്ധതി നടപ്പിലാക്കുന്നതിലാ**

**(ബി)** ജലവിഭവ വകുപ്പിന് കീഴിലുള്ള ഡാമുകളുടെ വിനോദസഞ്ചാര സാധ്യതകൾ പ്രയോജനപ്പെടുത്തി പുതിയ പദ്ധതികൾ ആരംഭിക്കുന്നത് പരിഗണനയിലുണ്ടോ; വ്യക്തമാക്കാമോ;

**<u>മറുപടി:</u> ഉണ്ട്. ഭൂതത്താൻകെട്ട് ബാരേജ്, എറണാകുളം, കാഞ്ഞിരപ്പുഴ ഡാം, പാലക്കാട്, കടമ്പ്രയാർ (മനയ്ക്കകടവ്) - ചിത്രപ്പുഴ പദ്ധതി, എറണാകുളം, കാഞ്ഞാർ - കോളപ്ര പദ്ധതി, ഇടുക്കി, ഇടുക്കി മ്യൂസിയം ഇറിഗേഷൻ ടൂറിസം പദ്ധതി എന്നീ ഇറിഗേഷൻ ടൂറിസം പദ്ധതികൾക്ക് സർക്കാർ അനുമതി നൽകിയിട്ടുണ്ട്.**

**(സി)** ആഭ്യന്തര-വിദേശ വിനോദസഞ്ചാരികളെ ആകർഷിക്കുന്നതിനായി ഇക്കോ ടൂറിസം, ജലകായിക വിനോദങ്ങൾ തുടങ്ങിയ പ്രവർത്തനങ്ങൾ ഡാമുകളെ കേന്ദ്രീകരിച്ച് വികസിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ;

**<u>മറുപടി:</u>** ആഭ്യന്തര വിനോദ സഞ്ചാരികളെ ആകർഷിക്കുന്നതിനായി ഇക്കോ ടൂറിസം, ജലകായിക വിനോദങ്ങൾ തുടങ്ങി ഒട്ടനവധി വിനോദ ഉപാധികൾ ഉൾപ്പെടുത്തിയാണ് ഇറിഗേഷൻ ടൂറിസം പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്.

**(ഡി)** ഡാമുകളുടെ ജലാശയങ്ങളോട് ചേർന്നുള്ള ഉപയോഗശൂന്യമായ ഭൂമിയും അനുബന്ധ പ്രദേശങ്ങളും വിനോദസഞ്ചാര വികസനത്തിനായി പ്രയോജനപ്പെടുത്തുന്നത് പരിഗണനയിലുണ്ടോ; വിശദമാക്കാമോ;

**<u>മറുപടി:</u>** ഉണ്ട്.ഡാമുകളുടെ ജലാശയങ്ങളോട് ചേർന്നുള്ള ഉപയോഗശൂന്യമായ ഭൂമിയും അനുബന്ധ പ്രദേശങ്ങളും പ്രയോജനപ്പെടുത്തിയാണ് നിലവിലെ ഇറിഗേഷൻ ടൂറിസം പദ്ധതി ആവിഷ്കരിച്ചിരിക്കുന്നത്.

**(ഇ)** ഡാമുകളിലെ വിനോദസഞ്ചാര പദ്ധതികൾ നടപ്പിലാക്കുന്നതിനായി വിവിധ വകുപ്പുകളുടെയും ഏജൻസികളുടെയും പങ്കാളിത്തത്തോടെ പ്രത്യേക പദ്ധതി തയ്യാറാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ?

**<u>മറുപടി:</u> ഉണ്ട്. ഡാമുകളിലെ വിനോദസഞ്ചാര പദ്ധതികൾ നടപ്പിലാക്കുന്നതിനായി വിവിധ വകുപ്പുകളുടെയും ഏജൻസികളുടെയും പങ്കാളിത്തത്തോടെ ഇറിഗേഷൻ ടൂറിസം പദ്ധതികൾ പ്രാവർത്തികമാക്കാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.**

**ലോകബാങ്ക് ധനസഹായത്തോടെ നടപ്പിലാക്കുന്ന ഡാം റീഹാബിലിറ്റേഷൻ ആന്റ് ഇംപ്രൂവ്മെന്റ് പ്രോജക്ട് (DRIP) Phase-II-2 Component-III (Risk-informed Asset Management and Innovative Financing for Sustainable Operation and Maintenance of Dams)-ൽ ഡാമുകളുടെ ടൂറിസം വികസനം കൂടി ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത പദ്ധതി നടപ്പിലാക്കണമെങ്കിൽ സംസ്ഥാനത്ത് ജലവിഭവ വകുപ്പിന് കീഴിലുള്ള ഡാമുകളെ ഉൾപ്പെടുത്തി സുസ്ഥിരവും ഉത്തരവാദിത്തപരവുമായ വിനോദ സഞ്ചാര കേന്ദ്രങ്ങളായി വികസിപ്പിക്കുന്ന തിനായി സംസ്ഥാന ടൂറിസം നയം (State Tourism Policy) അന്തിമരൂപം പ്രാപിച്ചതിന് ശേഷം ഘട്ടംഘട്ടമായി അനുയോജ്യമായ ഡാമുകളിൽ വിനോദസഞ്ചാര പദ്ധതികൾ നടപ്പിലാക്കാവുന്നതാണ്.**

**സെക്ഷൻ ഓഫീസർ**